(സി) ' ഓരോ പ്രവൃത്തിക്കും സഹകരണ വകുപ്പ് അനുവദിച്ച ഇൻഹാൻഡ് സർട്ടിഫിക്കറ്റിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് താലൂക്കിൽ 25 ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 18 സംഘങ്ങൾ പ്രവർത്തികളൊന്നും തന്നെ ഏറ്റെടുത്ത് നടത്തുന്നില്ല. ബാക്കിയുള്ള ഏഴു സഹകരണ സംഘങ്ങളുടെ പ്രവർത്തി ഏറ്റെടുത്ത് നടത്തിയതിന്റെ വിവരം അനുബന്ധം 'A' ആയി ചേർത്തിരിക്കുന്നു.†

(സി) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളെ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് എ.ബി.സി. എന്നീ മൂന്നു ഇനങ്ങളിലാണ് തരം തിരിച്ചു നൽകിവരുന്നത്. അതിൻപ്രകാരം ആണ് പരമാവധി കൈയിൽ വെയ്ക്കാവുന്നതും, ഏറ്റെടുത്തു നടത്താവുന്നതുമായിട്ടുള്ള തുകകൾക്കുള്ള കരാർപണികൾ സംഘങ്ങൾ നടത്തിവരുന്നത്. സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം 'B' ആയി ചേർത്തിരിക്കുന്നു.*

കോഴിക്കോട് ജില്ലാ ലോറി ഓപ്പറേറ്റേഴ്സ് സഹകരണ സംഘത്തിന്റെ സ്ഥലത്ത് നിർമ്മാണ പ്രവർത്തനം

31 (5436) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലാ ലോറി ഓപ്പറേറ്റേഴ്സ് സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ അരയടത്ത് പാലത്തിന് സമീപമുള്ള സ്ഥലത്ത് സംഘം എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ ;

(ബി) സംഘം നേരിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നില്ലെങ്കിൽ പ്രസ്തുത പ്രവർത്തി നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ;

(സി) ആയതിന് അനുമതി നൽകിയ രേഖകളുടേയും ഉത്തരവുകളുടേയും പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ക്ലിപ്തം നമ്പർ ഡി. 2026 കോഴിക്കോട് ജില്ലാ ലോറി ഓപ്പറേറ്റേഴ്സ് സഹകരണ സംഘത്തിന്റെ കീഴിൽ മാവൂർ റോഡിൽ പ്രവർത്തിച്ചുവരുന്ന പെട്രോൾ പമ്പ് നിർത്തലാക്കിയശേഷം സംഘത്തിന് യാതൊരു വരുമാനവും ഇല്ലാത്തതിനാൽ സംഘത്തിന്റെ ദൈനംദിന പ്രവർത്തിക്ക് അത്യാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് വേണ്ടി സംഘത്തിന്റെ മാവൂർ റോഡിലുള്ള 32 സെന്റ് സ്ഥലം വാടകയ്ക്ക്

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിനുവേണ്ടി സംഘം കോഴിക്കോട് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി ആഫീസിലെ 22-10-2008-ലെ സി എസ്. 5866/08 കെ. ഡിസ് നമ്പർ ഉത്തരവു പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രസ്തുത സ്ഥലം വാടകയ്ക്ക് നൽകുന്നതിന് പത്രപരസ്യം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 6 ക്വട്ടേഷനുകളിൽ കൂടുതൽ വാടക നൽകാൻ തയ്യാറായതും മെച്ചപ്പെട്ടതുമായ പട്ടാമ്പിയിലെ കെ.എച്ച്. ഫ്ളോറിംഗ് എന്ന സ്ഥാപനത്തിന് 31-7-2008-ലെ ഭരണ സമിതി തീരുമാനപ്രകാരം 11 മാസത്തേക്ക് വാടകയ്ക്ക് നൽകുവാൻ തീരുമാനിച്ചിരുന്നു. സ്ഥലം വാടകയ്ക്ക് എടുക്കുന്നവരുമായുള്ള വാടക കരാർ സംഘം തയ്യാറാക്കി കോഴിക്കോട് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ആയതിനെ തുടർന്ന് കരാറിലെ അംഗീകരിക്കാൻ പറ്റാത്ത വ്യവസ്ഥകൾ മാറ്റി പുതിയ വ്യവസ്ഥ കൂട്ടിച്ചേർക്കുന്നതിന് നിർദ്ദേശിച്ചു കൊണ്ട് ടി ആഫീസ് അപേക്ഷ തിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ സ്ഥലത്ത് ഏതു സമയവും പൊളിച്ചുമാറാവുന്ന രീതിയിലുള്ള ഒരു താൽക്കാലിക ഷെഡ് നിർമ്മിക്കുവാൻ സംഘം ഭരണ സമിതി സമ്മതിച്ചതിനാൽ കെ.എച്ച്.ഫ്ളോറിംഗ്, പട്ടാമ്പി എന്ന സ്ഥാപനം സംഘത്തിന്റെ സ്ഥലത്ത് താൽക്കാലിക ഷെഡിന്റെ നിർമ്മാണം നടത്തി വരുന്നുണ്ട്.

വനിതാ സഹകരണ സംഘങ്ങൾ

32 (5437) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ സഹകരണ സംഘങ്ങളും മറ്റ് സഹകരണ സ്ഥാപനങ്ങളും തമ്മിലുള്ള വ്യത്യാസം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ ഘടന, സ്വഭാവം എന്നിവ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സഹകരണ നിയമത്തിലെ ചട്ടം 15(10) പ്രകാരം വനിതകളുടെ ഉന്നമനത്തിനായിട്ടുള്ള സാമൂഹ്യ ലക്ഷ്യത്തോടുകൂടി പ്രത്യേകമായി രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളാണ് വനിതാ സഹകരണ സംഘങ്ങൾ. കേരള സഹകരണ നിയമം ചട്ടം 15-ലെ മറ്റു ഉപചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത് മറ്റു വിഭാഗങ്ങളുടെ ഉന്നമനത്തിനായും വായ്പേതര വായ്പാധിഷ്ഠിത പ്രവർത്തനത്തിനായും രജിസ്റ്റർ ചെയ്യപ്പെടുന്നവയാണ് മറ്റു സഹകരണ സ്ഥാപനങ്ങൾ.

(ബി) സംസ്ഥാനത്ത് പ്രാഥമിക തലത്തിൽ ജില്ലയിലെ ഒന്നോ അതിലധികമോ പഞ്ചായത്തുകളോ ഒരു ജില്ലയോ പ്രവർത്തന പരിധിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. ഇവയുടെ അപ്പെക്സ് (കേന്ദ്ര)

LIBRARY ARCHIVES Kerala Legislative Assembly